സുപ്രഭാതം

01 August 2024

# സി.എം.എഫ്.ആർ.ഐക്ക് ജനകീയ മുഖം നൽകി ഗോപാലകൃഷ്ണൻ പടിയിറങ്ങി

**കൊച്ചി** ▸ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) ഡയരക്ടർ സ്ഥാനത്ത് നിന്നും ഡോ. എ. ഗോപാലകൃഷ്ണൻ വിരമിച്ചു. 2013 ജൂലൈ 31നാണ് അദ്ദേഹം ഡയരക്ടറായി ചുമതലയേറ്റത്.



സ്ത്രീകളെയും, ട്രാൻസ്ജെൻഡറുകളെയും ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ സമുദ്രമത്സ്യബന്ധനം, മത്സ്യകൃഷി, കൂടുകൃഷി, അലങ്കാരമത്സ്യകൃഷി, കല്ലുമ്മക്കായ കൃഷി, കടൽപായൽ കൃഷി, വിപണനം തുടങ്ങി നിരവധി മേഖലകളിൽ സി.എം.എഫ്.ആർ.ഐ ഇവർക്ക് സംരംഭകത്വ പരിശീലനവും സാങ്കേതിക സഹായങ്ങളും നൽകി. ഇതിന്റെ ഫലമായി മത്സ്യമേഖലയിൽ നൂറുകണക്കിന് സ്ത്രീ സഹായക സംഘങ്ങൾ നിലവിൽ വന്നു. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളെ മത്സ്യമേഖലയിൽ ചെറുസംരംഭകരാക്കുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കി.

2019ൽ ഐ.സി.എ.ആറിന് കീഴിലെ മികച്ച ഗവേഷണ സ്ഥാപനത്തിനുള്ള സർദാർ വല്ലഭായ് പട്ടേൽ അവാർഡ് സി.എം.എഫ്.ആർ.ഐക്കായിരുന്നു.